**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപക യോഗ്യതയുള്ള എത്ര ഭിന്നശേഷിക്കാർ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് നിയമനം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | അധ്യാപക യോഗ്യതയുള്ള 2206 ഭിന്നശേഷിക്കാർ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1676 പേർക്ക് നിയമനം ലഭിക്കാനുണ്ട്. |
| (ബി) | 2021- ന് ശേഷം എത്ര ഭിന്നശേഷിക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനം നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) | 2021 ന് ശേഷം 491 ഭിന്നശേഷിക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ആവശ്യമായ ഒഴിവുകൾ നിലനിൽക്കെ ഭിന്നശേഷിക്കാരുടെ നിയമനം എത്ര ദിവസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | വിവിധ സ്കൂൾ മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ യോഗ്യത, പ്രായം, സീനിയോറിറ്റി, സംവരണ തത്ത്വങ്ങൾ മുതലായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം മാത്രമേ എംപ്ലോയ്മെന്റ് വകുപ്പിനുള്ളൂ. ടി ഒഴിവുകളിൽ ഇന്റർവ്യൂ, എഴുത്തു പരീക്ഷ മറ്റു നിയമന നടപടികൾ സംബന്ധിച്ച് അറിയിപ്പ് നൽകുന്നതും നിയമനം നടത്തുന്നതും ബന്ധപ്പെട്ട മാനേജർമാരാണ്. |

സെക്ഷൻ ഓഫീസർ